യാണോ സ്വഭാവത്തിന്റെയാണോയെന്ന് ഒന്നും എനിക്ക് അറിഞ്ഞുകൂട. അങ്ങനെയുള്ള ബുദ്ധിമുട്ടുണ്ട്. എങ്കിൽപോലും അത് കർശനമായും തടയേണ്ടതാവശ്യമാണ്. ആ കാര്യത്തിൽ സംശയമില്ല. സിനിമാവ്യവസായത്തെ പ്രോൽസാഹിപ്പിക്കുന്നതിനു വേണ്ടി ഗവൺമെന്റിന്റെ സ്ഥാപനം പലപ്പോഴും നാമമാത്രമായ വാടകയ്ക്ക് കൊടുക്കുന്നുണ്ട്. വാടകകൂട്ടാതെ കൊടുക്കുന്നതിനുള്ള സഹായം ചെയ്യുന്നുണ്ട്. ഇനിയും എന്ത് ചെയ്യാൻകഴിയുമെന്നുള്ള പ്രശ്നത്തെസംബന്ധിച്ച് പരിശോധിക്കാം. മലയാള ചിത്രത്തെ സംബന്ധിച്ചിടത്തോളം സ്റ്റാന്റേർഡ് ഉയർത്തിക്കൊണ്ടുവരുന്ന കാര്യത്തിൽ ഗവൺമെന്റിന് വലിയ പങ്ക് വഹിക്കാൻ സാധിച്ചിട്ടുണ്ട്. ഇനിയും ആ കാര്യത്തിൽ ശ്രദ്ധിക്കുമെന്ന് മാത്രമേ ഞാൻ പറയുന്നുള്ളു.

ശ്രീ. എം. എം. ഹസ്സൻ: ചലച്ചിത്ര ആസ്വാദകർ ഇന്ന് നേരിടുന്ന ബുദ്ധിമുട്ട് ദുർവഹമായ ടിക്കറ്റു നിരക്കാണ്. എ. സി. തീയേറ്ററുകളിൽ എ. സി. ഇല്ലാതെ ഈ ചാർജ്ജ് വാങ്ങിക്കുന്നു. അത് നിയന്ത്രിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കരുണാകരൻ: സിനിമാ തീയേറ്ററിലെ റേറ്റിനെസംബന്ധിച്ച് പരാതിയുണ്ട്. അതെസംബന്ധിച്ച് പരിശോധിച്ച് ഒരു വ്യവസ്ഥ ഏർപ്പെടുത്തണമെന്ന് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. തീയേറ്ററുകളുടെ വ്യവസ്ഥ പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ കൂടുതൽ കർക്കശമാക്കാൻ നിർദ്ദേശം കൊടുക്കാം.

V. സബ്മിഷൻ

(1) മീനച്ചിൽ നദീതടപദ്ധതി-തൊഴിലാളികൾക്കും കൃഷിക്കാർക്കും ഉണ്ടാകുന്ന പ്രശ്നങ്ങൾ

ശ്രീ. പി. സി. ജോർജ്ജ് : കോട്ടയം ജില്ലയിലെ ഏക നദീതടപദ്ധതിയായ മീനച്ചിൽ റിവർവാലിപദ്ധതിയുടെ പണി ആരംഭിക്കുന്നതിന് പ്രാരംഭനടപടി മുഴുവൻ പൂർത്തിയായിക്കഴിഞ്ഞിരിക്കുകയാണ്. ഈ പദ്ധതിയ്ക്കുവേണ്ടി എടുക്കുന്ന സ്ഥലത്തിൽ കൂടുതലും റബ്ബർ എസ്റ്റേറ്റാണ്. ആ എസ്റ്റേറ്റ് എടുക്കുന്നതിന് മുതലാളിമാർക്ക് സന്തോഷമുണ്ടെങ്കിലും അവിടെ പണിയെടുത്തുകൊണ്ടിരിക്കുന്ന തൊഴിലാളികളെ സംബന്ധിച്ചിടത്തോളം വേദന ഉണ്ടായിരിക്കുന്നു. അവർക്ക് ന്യായമായ നഷ്ടപരിഹാരം നൽകി അവരെ പിരിച്ചുവിടാനുള്ള നടപടിപോലും മാനേജുമെന്റ് സ്വീകരിക്കുന്നില്ല. അതുപോലെതന്നെ ഈ പദ്ധതി വരുന്നതോടുകൂടി അവിടെ മുപ്പതും നാല്പതും കൊല്ലമായി രണ്ടേക്കറും മൂന്നേക്കറുമുള്ള കൃഷിസ്ഥലത്ത് താമസിക്കുന്ന പട്ടയമില്ലാത്ത സാധുക്കളായ കൃഷിക്കാർക്ക് നഷ്ടപരിഹാരം കൊടുക്കുന്നതിനുള്ള നടപടി പൂർത്തീകരിക്കപ്പെട്ട് കഴിഞ്ഞിട്ടില്ല. അതുകൊണ്ട് ഈവക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രിതന്നെ നേരിട്ട് ഒരു ഹൈലെവൽ കോൺഫറൻസ് വിളിച്ചുകൂട്ടി പദ്ധതിയുടെ പണി എത്രയുംവേഗം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ജനസേചന വകുപ്പുമന്ത്രി (ശ്രീ. എം. പി. ഗംഗാധരൻ): സർ, മീനച്ചിൽ പദ്ധതിയ്ക്ക് തീക്കോയി എസ്റ്റേറ്റിൽ ഏകദേശം 200 ഹെക്ടർ ആവശ്യമായി വരും. തൽക്കാലം 3.50 ഹെക്ടർ മാത്രമേ എടുത്തിട്ടുള്ളൂ. ബാക്കി സ്ഥലം എടുത്തിട്ടില്ല. പക്ഷെ അവിടെ ചൂണ്ടിക്കാണിച്ചപോലെ തൊഴിലാളികളുടെ ചില പ്രശ്നമുണ്ട്. ഏതായാലും കളക്ടറോട് കോൺഫറൻസ് വിളിച്ചുകൂട്ടാൻ ആവശ്യപ്പെടാം. 9-4-1985-ൽ കളക്ടർ ആ സ്ഥലമെടുപ്പിന് ബുദ്ധിമുട്ടുള്ള എല്ലാ ആളുകളേയും വിളിച്ചുകൂട്ടി ചർച്ച ചെയ്തിട്ടുണ്ട്. അതിന്റെ നിർദ്ദേശമൊന്നും കിട്ടിയിട്ടില്ല. കിട്ടികഴിഞ്ഞാൽ ഉടൻതന്നെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ ആവശ്യപ്പെട്ടതുപോലെ ഗവൺമെന്റ് ഇടപെടേണ്ട സന്ദർഭത്തിൽ ബന്ധപ്പെട്ടവർക്ക് വല്ല ബുദ്ധിമുട്ട് ഉണ്ടെങ്കിൽ അത് പരിഹരിക്കാനുള്ള കോൺഫറൻസ് വളരെവേഗത്തിൽ വിളിച്ചുകൂട്ടുന്നതാണ്, നടപടി സ്വീകരിക്കുന്നതാണ്.

(2) തലശ്ശേരി അഗ്രിക്കൾച്ചർ മാർക്കറ്റിംഗ് കോംപ്ലക്സിനു വേണ്ടിയുള്ള സ്ഥലമെടുപ്പ്

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, തലശ്ശേരിയിൽ ലോകബാങ്കിന്റെ സഹായത്തോടുകൂടി നിർദ്ദേശിക്കപ്പെട്ട ആധുനിക രീതിയിലുള്ള അഗ്രിക്കൾച്ചറൽ മാർക്കറ്റിംഗ് കോംപ്ലക്സ് നിർമ്മിക്കാനാവശ്യമായ അക്യൂസിഷൻ നടത്താൻ തീരുമാനിച്ചു. തലശ്ശേരി മുനിസിപ്പൽ കൗൺസിലിന്റെ നടപടി ഗവൺമെന്റ് സ്റ്റേ ചെയ്തിരിക്കുകയാണ്. ഇതിന്റെ ഫലമായി ലോകബാങ്ക് ഉദ്യോഗസ്ഥന്മാർ പരിശോധനയ്ക്ക് വരുമ്പോൾ സ്ഥലമില്ലെന്ന കാരണത്താൽ ഈ പദ്ധതി നഷ്ടപ്പെടാൻ പോവുകയാണ്. സ്റ്റേചെയ്ത നടപടി പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തലശ്ശേരിയിലെ പ്രതിപക്ഷത്തേയും ഭരണപക്ഷത്തേയും രാഷ്ട്രീയപാർട്ടികൾ നിവേദനം നൽകിയെങ്കിലും സി. പി. പി. യും മുനിസിപ്പൽ ഡയറക്ടറും അനുകൂലമായ റിപ്പോർട്ട് കൊടുത്തെങ്കിലും കളക്ടറുടെ റിപ്പോർട്ട് കിട്ടിയില്ലെന്ന കാരണം പറഞ്ഞുകൊണ്ട് ആ സ്റ്റേ പിൻവലിക്കാതിരിക്കുകയാണ്. സി. പി. പി. സ്കീമിൽപ്പെട്ട കമ്മേർഷ്യൽ ആവശ്യത്തിനുവേണ്ടി ഐകകണ്ഠ്യേന മുനിസിപ്പൽ കൗൺസിൽ അക്യൂസിഷൻ നടത്താൻ തീരുമാനിച്ച സ്ഥലമാണ് ഇപ്പോൾ സ്വകാര്യവ്യക്തികൾക്ക് കൊടുക്കുന്നതിനുള്ള നീക്കം ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇതിന്റെ ഫലമായി അഗ്രിക്കൾച്ചറൽ മാർക്കറ്റിംഗ് കോംപ്ലക്സ് തലശ്ശേരിയ്ക്ക് നഷ്ടപ്പെടും. അത് അവിടെതന്നെ സ്ഥാപിക്കുന്നതിനുള്ള അടിയന്തിരനടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. സി. എം. സുന്ദരം) : സർ, ബഹുമാനപ്പെട്ട മെമ്പർ ഉന്നയിക്കുന്ന പ്രശ്നം ഇ. നാരായണൻ എന്ന ആൾ ഗവൺമെന്റ് പുറപ്പെടുവിച്ച തൽക്കാല സ്റ്റേ ഉത്തരവ് റദ്ദ് ചെയ്യണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. കേരള ഹൈക്കോടതിയിൽനിന്നും 7167/85 ഒ. പി. ഫയൽ ചെയ്തിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ഇതിന്റെ വിശദീകരണം നൽകുന്നത് ശരിയായിരിക്കുകയില്ല. അതുകൊണ്ട് ഞാൻ ഇപ്പോൾ ഒന്നും പറയുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly